**വിശദീകരണം**

<u>ശ്രീമതി ഇ. എസ്. ബിജിമോളുടെ ശ്രദ്ധക്ഷണിക്കലിനുള്ള വിശദീകരണം</u>

<u>മി. സ്പീക്കർ</u>: ഇന്നത്തെ ധനാഭ്യർത്ഥന ചർച്ചകൾക്ക് മറുപടി ആരംഭിക്കുന്നതിന് മുമ്പായി ഇന്നലെ നടന്ന ചർച്ചയിൽ ഉയർന്നുവന്ന വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി കത്ത് നൽകിയിട്ടുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ഇന്നലെ ബഹുമാനപ്പെട്ട അംഗം ശ്രീമതി ഇ. എസ്. ബിജിമോൾ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ പൊതുമരാമത്ത് ഫണ്ടുകൾ മന്ത്രിമാർക്ക് വീതം വയ്ക്കുകയാണെന്ന പരാമർശം നടത്തുകയും അത് ഇന്നത്തെ മാധ്യമങ്ങളിൽ വരികയും ചെയ്തിട്ടുണ്ട്. അംഗം അങ്ങനെയായിരിക്കില്ല പറഞ്ഞത്; ചിലപ്പോൾ ആശയക്കുഴപ്പം ഉണ്ടായതാകാം. അതുമാറ്റാൻ വേണ്ടി ഞാൻ പറയുകയാണ്. കഴിഞ്ഞ 21 മാസം രണ്ട് ബഡ്ജറ്റുകൾ അവതരിപ്പിച്ചതിൽ കിഫ്ബി ഫണ്ട് ഒഴിവാക്കിയാൽ ബഡ്ജറ്റ് ഫണ്ട് വളരെ കുറവാണ്. ഭരണാനുമതി, സ്പെഷ്യൽ സാങ്ഷൻ എല്ലാംകൂടി നോക്കിയാൽ അറ്റകുറ്റപ്പണികൾക്ക് ധനകാര്യ വകുപ്പുമന്ത്രിക്ക് 10 കോടി രൂപയും എന്റെ മണ്ഡലത്തിന് 9 കോടി 83 ലക്ഷം രൂപയും ഉടുമ്പൻചോല മണ്ഡലത്തിന് 17 കോടി 30 ലക്ഷം രൂപയും പീരുമേട് മണ്ഡലത്തിന് 15 കോടി രൂപയുമാണ് കൊടുത്തിട്ടുള്ളത്. മന്ത്രിമാർക്ക് വീതം വച്ചിട്ടില്ലെന്ന് വ്യക്തമാണ്. അറ്റകുറ്റപ്പണികൾക്ക് ഈ വർഷത്തേത് മാത്രമെടുത്താൽ ആലപ്പുഴ മണ്ഡലത്തിന് 5

കോടി രൂപയും അമ്പലപ്പുഴ മണ്ഡലത്തിന് 5 കോടി 10 ലക്ഷം രൂപയും പീരുമേട് മണ്ഡലത്തിന് 6 കോടി 28 ലക്ഷം രൂപയും ഉടുമ്പൻചോല മണ്ഡലത്തിന് 7 കോടി രൂപയും തൊടുപുഴ മണ്ഡലത്തിന് 6.5 കോടി രൂപയും ഇടുക്കി മണ്ഡലത്തിന് 7 കോടി രൂപയും ആണ് കൊടുത്തിട്ടുള്ളത്. യാതൊരു വിവേചനവും കാണിച്ചിട്ടില്ല. തെറ്റായി പറ്റിയതായിരിക്കും. രേഖയിൽ ഉണ്ടാകേണ്ടതുകൊണ്ട് ഞാൻ പറഞ്ഞതാണ്.